പത്രക്കുറിപ്പ്

# വീഡിയോ സ്ട്രിങ്ങർമാരുടെ പാനൽ തയ്യാറാക്കുന്നു

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഇലക്ട്രോണിക് വാർത്താ ശേഖരണത്തിനായി എല്ലാ ജില്ലകളിലും സ്ട്രിങ്ങർമാരുടെ പാനൽ തയ്യാറാക്കുന്നു. സംസ്ഥാനത്തെ പ്രധാന സംഭവങ്ങൾ, ഔദ്യോഗിക പരിപാടികൾ, കലാ-സാംസ്കാരിക പരിപാടികൾ തുടങ്ങിയവ ഡോക്യുമെന്റ് ചെയ്യുന്നതിനും ന്യൂസ് ക്ലിപ്പിങ്ങുകൾ വിവിധ ചാനലുകൾക്ക് നൽകുന്നതിനുമാണ് വീഡിയോ സ്ട്രിങ്ങർമാരുടെ സേവനം ഉപയോഗിക്കുക. ഇലക്ട്രോണിക് വാർത്താ ശേഖരണ രംഗത്ത് മുൻപരിചയമുള്ളവർക്കും സ്വന്തമായി പ്രൊഫഷണൽ ഡിജിറ്റൽ ക്യാമറ ഉള്ളവർക്കുമാണ് മുൻഗണന.

പത്രപ്രവർത്തനത്തിൽ ബിരുദമോ ഡിപ്ലോമയോ പരിചയമോ ഉള്ള റിപ്പോർട്ടറും ഇലക്ട്രോണിക് വാർത്താ ശേഖരത്തിൽ പരിചയമുള്ള ക്യാമറാമാനുമായിരിക്കണം ക്രൂവിൽ ഉണ്ടാവേണ്ടത്. കൂടുതൽ വിവരങ്ങളും അപേക്ഷാ ഫോറവും www.prd.kerala.gov.in/stringer.htm വിലാസത്തിൽ ലഭിക്കും. അപേക്ഷ ജൂൺ നാലിനകം ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടറിയേറ്റ് സൗത്ത് ബ്ലോക്ക്, തിരുവനന്തപുരം, 695001 വിലാസത്തിൽ ലഭിക്കണം.

# വീഡിയോ സ്ട്രിങ്ങർമാരുടെ പാനൽ

സർക്കാരിന്റെ ഔദ്യോഗിക പരിപാടികളും വികസനം, സംസ്കാരം, പൈതൃകം, കല തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളും വീഡിയോ ഡോക്യുമെന്റ് ചെയ്യുന്നതിനും ആവശ്യമുള്ളവ വിവിധ ചാനലുകൾക്ക് ന്യൂസ് ക്ലിപ്പുകളായി നൽകുന്നതിനുമുള്ള പദ്ധതിയാണിത്.

ഒന്ന് - സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ, ഔദ്യോഗിക പരിപാടികൾ തുടങ്ങിയവയുടെ വീഡിയോ കവറേജ് നടത്തി വിവിധ ചാനലുകൾക്ക് നൽകുക. ഇതോടൊപ്പം ആവശ്യമുള്ള ന്യൂസ് ക്യാപ്സ്യൂളുകളും തയ്യാറാക്കുക.

രണ്ട്- കല, സംസ്ക്കാരം, പൈതൃകം തുടങ്ങിയവയും ചരിത്ര സംഭവങ്ങളും ഡോക്യുമെന്റ് നടത്തുകയും പി.ആർ.ഡിയുടെ വീഡിയോ പരിപാടികൾക്കുള്ള ഫൂട്ടേജുകൾ നൽകുകയും ചെയ്യുക.

ഇതിനായി ഓരോ ജില്ലക്കും പ്രത്യേകം വീഡിയോ സ്ട്രിങ്ങർ യൂണിറ്റുകളുടെ പാനലുണ്ടാക്കുകയാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസർ മാരുടെ നിർദ്ദേശമനു സരിച്ചാണ് ഈ യൂണിറ്റുകൾ കവറേജ് നടത്തേണ്ടത്.

ഡോക്യുമെന്റേഷന്റെ ഭാഗമായുള്ളതും പി.ആർ.ഡി വീഡിയോ പരിപാടികൾക്കുള്ളവയും ഡിവി/ബീറ്റാ കാസറ്റുകളിൽ ഡയറക്ടറേറ്റിലെ എഡിറ്റ് സ്യൂട്ടിൽ എത്തിക്കണം.

ഇവ കൊറിയറിലൂടെയോ കെ.എസ്.ആർ.ടി.സിയുടെ സഹായത്താലോ എത്തിക്കാവുന്നതാണ്. വാർത്താ കവറേജുകളുടെ മൂന്ന് മിനിറ്റ് ഫൂട്ടേജും വാർത്തയും എഫ്.ടി.പി.ആയി പി.ആർ.ഡിയുടെ സർവറിലേക്ക് ഓൺലൈൻ ആയി അയക്കണം. ഒപ്പം കാസറ്റുകൾ ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസർ നിർദ്ദേശിക്കുന്നതിനനുസരിച്ചായിരിക്കണം കവറേജ്. എല്ലാ ജില്ലകളിൽ നിന്നും ക്ലിപ്പ് മെയിൽ അയക്കാനാണ് സംവിധാനം ഒരുക്കുന്നത്. ഈ ചെലവ് വകുപ്പ് വഹിക്കും.

ജില്ലാ ആസ്ഥാനത്ത് നിന്ന് 50 കിലോമീറ്റർ വരെയുള്ള കവറേജിനും അതിൽ അധികം ദൂരമുള്ളവയ്ക്ക് കിലോ മീറ്റർ അടിസ്ഥാനത്തിൽ കവറേജ്

ഒന്നിന് ഏറ്റവും കുറവ് നിരക്കിലുമുള്ള ക്വട്ടേഷൻ സീൽ ചെയ്ത് അപേക്ഷയോടൊപ്പം സമർപ്പിക്കണം. സാംസ്കാരിക കവറേജിന് ഉപയോഗിക്കുന്ന ഫൂട്ടേജിന് ഒരു മിനിറ്റിന് കുറഞ്ഞത് എത്രരൂപ നിരക്ക് പ്രതീക്ഷിക്കുന്നുവെന്നും ക്വട്ടേഷനിൽ കാണിച്ചിരിക്കണം.

യോഗ്യത:

1. വാർത്താ ശേഖരണത്തിൽ പരിചയമോ ബിരുദമോ ഡിപ്ലോമയോ ഉള്ള റിപ്പോട്ടർ ഉണ്ടാകണം.
2. ഡിജിറ്റൽ ക്യാമറ ഉണ്ടായിരിക്കണം.
3. ഇലക്ട്രോണിക് വാർത്താ ശേഖരണത്തിലെ പരിചയം അഭികാമ്യം.
4. പ്രൊഫഷണൽ വീഡിയോ ക്യാമറ ഉപയോഗിച്ച് പരിചയമുള്ള ക്യാമറാമാൻ യൂണിറ്റിൽ ഉണ്ടാകണം.
5. ജോലിയുടെ ഗുണമേന്മ തെളിയിക്കുന്ന രേഖകൾ സമർപ്പിക്കണം,
6. ഉപയോഗിക്കുന്ന ക്യാമറയുടെ വിശദ വിവരം നൽകണം.
7. വിശ്വാസ്യതയുള്ള സ്ഥാപനമോ വ്യക്തിയോ ആയിരിക്കണം.

ഇക്കാര്യങ്ങൾ വിശദമായി നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ കാണിച്ചിരിക്കണം. അപേക്ഷകരുടെ അടിസ്ഥാന സൗകര്യങ്ങൾ അതത് ഇൻഫർമേഷൻ ഓഫീസർമാർ നേരിട്ട് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതാണ്. അപേക്ഷയും ക്വട്ടേഷനുകളും പരിശോധിച്ച് തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്കായിരിക്കും.